**മധുരമായ കുട്ടികളെ - ഇത് നിങ്ങൾ എല്ലാവരുടെയും വാനപ്രസ്ഥ അവസ്ഥയാണ്, തിരിച്ച് വീട്ടിലേക്ക് പോകണം അതിനാൽ ബാബയേയും വീടിനേയും ഓർമ്മിക്കൂ, പാവനമായി മാറൂ, എല്ലാ കണക്കുകളും അവസാനിപ്പിക്കൂ.**

**ചോദ്യം** - കുട്ടികൾക്ക് ബാബ തന്നെ ഏതൊരു ധൈര്യമാണ് നൽകുന്നത്?
**ഉത്തരം** - കുട്ടികളെ, ഇപ്പോൾ ഈ രുദ്ര ജ്ഞാന യജ്ഞത്തിൽ അനേകം വിഘ്നങ്ങൾ ഉണ്ടാകുന്നുണ്ട്, പക്ഷെ ധൈര്യമായിരിക്കൂ, നിങ്ങളുടെ പ്രഭാവം പുറത്ത് വരുമ്പോൾ, അനേകാനേകങ്ങൾ വരാൻ തുടങ്ങും പിന്നെ എല്ലാവരും നിങ്ങളുടെ മുന്നിൽ തല കുനിക്കും. ബന്ധനസ്ഥരുടെ ബന്ധനം അവസാനിക്കും. ബാബയെ നിങ്ങൾ എത്ര ഓർമ്മിക്കുന്നുവോ, ബന്ധനം പൊട്ടി പോകും. നിങ്ങൾ വികർമ്മാജീത്തായിത്തീരും.

**ഗീതം** - ഭോലാനാഥനെ പോലെ വിചിത്രനായി വേറെയാരും തന്നെയില്ല......

**ഓം ശാന്തി**. ശിവനെ മാത്രമാണ് സദാ ഭോലാനാഥനെന്ന് പറയുന്നത്, ശിവ-ശങ്കരന്റെ വ്യത്യാസമാണെങ്കിൽ നല്ല രീതിയിൽ മനസ്സിലാക്കി തന്നിട്ടുണ്ട്. ശിവനാണെങ്കിലോ ഉയർന്നതിലും ഉയർന്ന മൂലവതനത്തിലാണിരിക്കുന്നത്. ശങ്കരനാണെങ്കിൽ സൂക്ഷ്മവതനവാസിയും, ശങ്കരനെ എങ്ങനെ ഭഗവാൻ എന്ന് പറയാൻ കഴിയും. ഉയർന്നതിലും വെച്ച് ഉയർന്നതിലിരിക്കുന്നത് ഒരു ബാബയാണ്. പിന്നീട് രണ്ടാമത്തെ തട്ടിൽ 3 ദേവതകൾ. ബാബ ഉയർന്നതിലും ഉയർന്ന നിരാകാരനാണ്. ശങ്കരനാണെങ്കിലോ ആകാരിയാണ്. ശിവനാണ് ഭോലാനാഥൻ, ജ്ഞാനത്തിന്റെ സാഗരൻ. ശങ്കരനെ ജ്ഞാനത്തിന്റെ സാഗരനെന്ന് പറയാൻ കഴിയില്ല. നിങ്ങൾ കുട്ടികൾക്കറിയാം ഭോലാനാഥനായ ശിവബാബ വന്ന് നമ്മുടെ സഞ്ചി നിറക്കുന്നുവെന്ന്. ആദി മധ്യ അന്ത്യത്തിന്റെ രഹസ്യം പറഞ്ഞു തന്നു കൊണ്ടിരിക്കുകയാണ്. രചയിതാവിന്റെയും രചനയുടെയും രഹസ്യം വളരെ സഹജമാണ്. വലിയ വലിയ ഋഷി-മുനിമാർക്ക് പോലും ഈ സഹജമായ കാര്യം അറിയുക സാധ്യമല്ല. ആ രജോഗുണി തന്നെ അറിയുമായിരുന്നില്ല പിന്നെ തമോഗുണീ എങ്ങനെ അറിയാനാണ്. അതിനാൽ നിങ്ങൾ കുട്ടികളിപ്പോൾ ബാബയുടെ സന്മുഖത്തിരിക്കുകയാണ്. ബാബ അമരകഥ കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതാണെങ്കിൽ കുട്ടികൾക്ക് നിശ്ചയമുണ്ട് നമ്മുടെ ബാബ(ശിവബാബ) സത്യം-സത്യമായ അമരകഥ കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ്, ഇതിൽ ഒരു സംശയവുമുണ്ടാകരുത്. ഒരു മനുഷ്യനുമല്ല നമുക്കിത് കേൾപ്പിച്ച് തന്നുകൊണ്ടിരിക്കുന്നത്. ശിവൻ ഭോലാനാഥനാണ്, പറയുന്നു എനിക്ക് സ്വന്തം ശരീരമില്ല. ഞാൻ നിരാകാരനാണ്, പൂജയും നിരാകാരനായ എന്റെ തന്നെയാണ് ചെയ്യുന്നത്. ശിവജയന്തിയും ആഘോഷിക്കുന്നുണ്ട്, ഇപ്പോൾ ബാബയാണെങ്കിൽ ജനന-മരണ രഹിതനാണ്. അതാണ് ഭോലാനാഥൻ. തീർച്ചയായും വന്ന് എല്ലാവരുടെയും സഞ്ചി നിറക്കും. എങ്ങനെ നിറയ്ക്കും, ഇത് നിങ്ങൾ കുട്ടികൾ മാത്രമേ മനസ്സിലാക്കിയിട്ടുള്ളൂ. അവിനാശീ ജ്ഞാന രത്നങ്ങളുടെ സഞ്ചി നിറയ്ക്കുന്നു. ഇത് തന്നെയാണ് ജ്ഞാനം, ജ്ഞാന സാഗരൻ വന്ന് നൽകുന്നത്. ഗീതയാണെങ്കിൽ അതേ ഒന്ന് മാത്രമാണ് പക്ഷെ സംസ്കൃത ശ്ലോകമൊന്നുമില്ല. പാവം അമ്മമാർക്ക് സംസ്കൃതം മുതലായവ എന്തറിയാനാണ്! അവർക്ക് വേണ്ടി തന്നെയാണ് ഭോലാനാഥനായ ബാബ വരുന്നത്. ഈ അമ്മമാരാണെങ്കിൽ പാവങ്ങൾ വീട്ടിലെ ജോലികളിൽ തന്നെയിരിക്കുന്നു. ജോലി ചെയ്യുന്നത് ഇപ്പോൾ ഫാഷനായി മാറിയിരിക്കുകയാണ്. അതിനാൽ ബാബയിപ്പോൾ കുട്ടികൾക്ക് ഉയർന്നതിലും ഉയർന്ന പഠിപ്പ് പഠിപ്പിച്ച് കൊണ്ടിരിക്കുകയാണ്, ആരാണോ ഒട്ടും പഠിക്കാതിരുന്നത് അവരിലാണ് ആദ്യമാദ്യം പഠിപ്പിന്റെ കലശം വെക്കുന്നത്. അല്ലെങ്കിൽ ഭക്തരും, സീതമാരും എല്ലാമുണ്ട്. രാമൻ വന്നിരിക്കുകയാണ് രാവണന്റെ ലങ്കയിൽ നിന്ന് മുക്തമാക്കാൻ അർത്ഥം ദു:ഖത്തിൽ നിന്ന് മുക്തമാക്കാൻ. പിന്നീട് ബാബയോടൊപ്പം വീട്ടിലേക്ക് തന്നെ പോകും വേറെ എവിടെ പോകും. ഓർമ്മിക്കുന്നതും വീടിനെയാണ്, നമ്മൾ ദു:ഖത്തിൽ നിന്ന് മുക്തി നേടും. കുട്ടികൾക്കറിയാം ഇടക്ക് വെച്ച് ആർക്കും മുക്തി ലഭിക്കുകയില്ല. എല്ലാവർക്കും തമോപ്രധാനമാവുക തന്നെ വേണം. മുഖ്യമായിട്ടുള്ള അടിത്തറയേതാണോ അത് കത്തി നശിക്കുന്നു, ആ ധർമ്മം തന്നെ പ്രായലോപമായി പോകുന്നു. ബാക്കി കുറച്ച് ചിത്രങ്ങളും മറ്റും അവശേഷിക്കുന്നു. ലക്ഷ്മീ നാരായണന്റെ ചിത്രവും അപ്രത്യക്ഷമായി എങ്കിൽ ഓർമ്മചിഹ്നം എങ്ങനെ ലഭിക്കും? ഏകദേശം അറിയാം ദേവീ ദേവതകൾ രാജ്യം ഭരിച്ചിരുന്നുവെന്ന്. അവരുടെ ചിത്രവും ഇപ്പോൾ വരെയുണ്ട്. കുട്ടികൾക്ക് ഇതിന് മേൽ മനസ്സിലാക്കി കൊടുക്കണം. നിങ്ങൾക്കറിയാം ലക്ഷ്മീ നാരായണൻ ചെറുപ്പത്തിൽ രാജകുമാരനും രാജകുമാരിയുമായിരുന്നു, രാധയും കൃഷ്ണനുമായിരുന്നു. പിന്നീട് മഹാരാജാവും മഹാറാണിയുമാകുന്നു. അവർ തന്നെയാണ് സത്യയുഗത്തിലെ അധികാരികൾ. ദേവതകൾക്കൊരിക്കലും പതിത ലോകത്തിൽ കാല് കുത്താൻ സാധിക്കില്ല. ശ്രീകൃഷ്ണൻ വൈകുണ്ഠത്തിലെ രാജകുമാരനാണ്. കൃഷ്ണന് ഗീത

കേൾപ്പിക്കാൻ കഴിയില്ല. എത്ര വലിയ തെറ്റാണ് ചെയ്തിരിക്കുന്നത്. കൃഷ്ണനെ ഭഗവാനെന്ന് പറയാൻ സാധിക്കില്ല. കൃഷ്ണനാണെങ്കിൽ മനുഷ്യനാണ്, ദേവീ ദേവതാ ധർമ്മത്തിന്റെ. വാസ്തവത്തിൽ ദേവതകളായ ബ്രഹ്മാവ്, വിഷ്ണു, ശങ്കരന്മാരാണെങ്കിൽ സൂക്ഷ്മവതനത്തിൽ തന്നെയാണ് വസിക്കുന്നത്, ഇവിടെ മനുഷ്യർ വസിക്കുന്നു. മനുഷ്യനെ സൂക്ഷ്മവതനവാസിയെന്ന് പറയാൻ കഴിയില്ല, ബ്രഹ്മ ദേവതായേ നമ:, വിഷ്ണു ദേവതായേ നമ: എന്നാണല്ലോ പറയുന്നത്. അതാണ് ദേവീ ദേവതാ ധർമ്മം. ശ്രീ ലക്ഷ്മീ, ശ്രീ നാരായണൻ ദേവത. മനുഷ്യർക്ക് തന്നെയാണ് 84 ജന്മം എടുക്കേണ്ടി വരുന്നത്. നിങ്ങൾ കുട്ടികൾക്കിപ്പോളറിയാം യഥാർത്ഥത്തിൽ നമ്മൾ ദേവതാ ധർമ്മത്തിലുള്ളവരായിരുന്നു, ആ ധർമ്മം വളരെ സുഖം തരുന്നതാണ്. ഇതാർക്കും പറയാൻ കഴിയില്ല-അവിടെ എന്തുകൊണ്ട് നമ്മളില്ല! ഇതാണെങ്കിലറിയാമല്ലോ അവിടെ ഒരേയൊരു ദേവീ ദേവതാ ധർമ്മമായിരുന്നു പിന്നീട് ബാക്കി മറ്റു ധർമ്മങ്ങൾ സംഖ്യാക്രമമനുസരിച്ച് വരുന്നു. ഇത് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കാൻ പറ്റും. ഇത് അനാദിയായി ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്. അതിൽ പിന്നീട് സത്യയുഗമുണ്ടാകും. ഭാരതത്തിൽ തന്നെയാണുണ്ടാവേണ്ടത് എന്തുകൊണ്ടെന്നാൽ ഭാരതം തന്നെയാണ് അവിനാശിയായ ഖണ്ഡം. ഇതിന് വിനാശമുണ്ടാകുന്നില്ല.

ഇതും മനസ്സിലാക്കികൊടുക്കേണ്ടതുണ്ട്. ബാബയുടെ ജന്മവും ഇവിടെയാണുണ്ടാവുന്നത്, ബാബയുടെത് ദിവ്യമായ ജന്മമാണ് അത് മനുഷ്യന് ദൃശ്യമല്ല. ബാബ കൊണ്ട് പോകാൻ വന്നിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ കേവലം ബാബയേയും വീടിനെയും ഓർമ്മിക്കൂ. പിന്നീട് നിങ്ങൾ രാജധാനിയിൽ വന്നെത്തും. ഇതാണെങ്കിൽ ആസുരീയ രാജസ്ഥാനാണ്, ബാബ ദൈവീക രാജസ്ഥാനിലേക്ക് കൂട്ടികൊണ്ട് പോകുന്നു. വേറെ യാതൊരു ബുദ്ധിമുട്ടും നൽകുന്നില്ല കേവലം ബാബയേയും സമ്പത്തിനെയും ഓർമ്മിക്കണം. ഇതാണ് അജപാജപം... മുഖത്തിലൂടെ ഒന്നും പറയേണ്ടതില്ല. സൂക്ഷ്മത്തിലും ഒന്നും പറയേണ്ടതില്ല. ശാന്തമായി ബാബയെ ഓർമ്മിക്കണം, വീട്ടിലിരുന്ന്. ബന്ധനസ്ഥരും വീട്ടിലിരുന്നാണ് കേൾക്കുന്നത്. ഒഴിവ് കിട്ടുന്നില്ല. അതെ വീട്ടിലിരുന്ന് കേവലം പവിത്രമായിരിക്കാൻ ശ്രമിക്കൂ. പറയൂ, ഞങ്ങൾക്ക് സ്വപ്നത്തിൽ നിർദ്ദേശം ലഭിച്ചിരിക്കുകയാണ് പവിത്രമാകൂ എന്ന്. ഇപ്പോൾ മരണം മുന്നിൽ നിൽക്കുകയാണ്. ഇപ്പോൾ നിങ്ങൾ വാനപ്രസ്ഥ അവസ്ഥയിലാണ്. വാനപ്രസ്ഥ അവസ്ഥയിൽ ഒരിക്കലും വികാരത്തിന്റെ ചിന്ത വരുകയില്ല. ഇപ്പോൾ ബാബ മുഴുവൻ ലോകത്തിലുള്ളവർക്കു വേണ്ടി പറയുകയാണ്, എല്ലാവരുടെയും വാനപ്രസ്ഥ അവസ്ഥയാണ്. എല്ലാവർക്കും തിരിച്ച് വീട്ടിലേക്ക് പോകണം അതിനാൽ വീടിനെ ഓർമ്മിക്കണം. പിന്നീട് വരുന്നതും ഭാരതത്തിലാണ്. മുഖമാണെങ്കിൽ വീടിന്റെ നേരെ തന്നെ ആയിരിക്കണമല്ലോ. കുട്ടികൾക്ക് വേറെ ഒരു ബുദ്ധിമുട്ടും നൽകുന്നില്ല, വളരെ സഹജമാണ്. വീട്ടിലിരുന്ന് കേവലം ഭോജനമുണ്ടാക്കൂ, ശിവബാബയുടെ ഓർമ്മയിൽ. വീട്ടിൽ ഭോജനമുണ്ടാക്കുമ്പോൾ പതിയുടെ ഓർമ്മയുണ്ടായിരിക്കുമല്ലോ. ബാബ പറയുന്നു ബാബയാണെങ്കിൽ പതികളുടെയും പതിയാണ്. ബാബയെ ഓർമ്മിക്കൂ ആരിലൂടെയാണോ 21 ജന്മത്തേക്ക് സമ്പത്ത് ലഭിക്കുന്നത്. ശരി ചിലർക്ക് ഒഴിവ് കിട്ടുന്നില്ല. അവിടെയിരുന്നും ബാബയേയും സമ്പത്തിനേയും ഓർമ്മിക്കൂ. തന്റേതെല്ലാം നിങ്ങൾ ഉപേക്ഷിക്കൂ. ബാബയിൽ നിന്ന് പൂർണ്ണമായി സമ്പത്ത് നേടാൻ കഴിയും. പതുക്കെ പതുക്കെ മുക്തി നേടുക തന്നെ വേണം. അതെ തീർച്ചയായും രുദ്ര ജ്ഞാന യജ്ഞത്തിൽ വിഘ്നമുണ്ടാകും. അവസാനം എപ്പോഴാണോ നിങ്ങളുടെ പ്രഭാവമുണ്ടാവുക അപ്പോൾ നിങ്ങളുടെ ചരണങ്ങളിൽ നമസ്ക്കരിച്ചുകൊണ്ടിരിക്കും. വിഘ്നമാണെങ്കിൽ ഉണ്ടായികൊണ്ടിരിക്കുക തന്നെ ചെയ്യും. ഇതിൽ ധൈര്യം വെക്കണം, അക്ഷമരാകരുത്. വീട്ടിലിരുന്ന് പതി മുതലായ മിത്ര സംബന്ധികൾക്ക് ഒരേയൊരു കാര്യം മനസ്സിലാക്കി കൊടുക്കൂ ബാബയുടെ ആജ്ഞയാണ് എന്നെ ഓർമ്മിക്കൂ, സമ്പത്ത് നേടൂ. കൃഷ്ണന് തരാൻ സാധിക്കില്ല. ബാബയെ തന്നെ ഓർമ്മിക്കണം. ബാബയുടെ തന്നെ പരിചയം നൽകണം, അപ്പോൾ എല്ലാവരും അറിയും നമ്മുടെ ബാബ ശിവബാബയാണ് എന്ന്. അതും ഇപ്പോൾ നല്ല രീതിയിൽ ഓർമ്മയുണ്ടാകുന്നു. കുറച്ച് സമയത്തേക്കേ ഈ ബന്ധനവും അടിപിടിയുമെല്ലാം ഉണ്ടാവൂ. മുന്നോട്ട് പോകവേ ഇതെല്ലാം അവസാനിക്കും. ചിലർക്ക് അസുഖമുണ്ടായാൽ അത് പെട്ടെന്ന് ഭേദമാകുന്നു. ചിലരുടെ രണ്ട് വർഷം വരെക്കുമുണ്ടാകുന്നു. ഇതിലും ഉപായം ഇത് മാത്രമാണ്, ബാബയെ ഓർമ്മിച്ചോർമ്മിച്ച് ബന്ധനം ഇല്ലാതാകും അതിനാൽ ഓരോ കാര്യത്തിലും ധൈര്യം വേണം. ബാബ പറയുന്നു നിങ്ങൾ എത്ര ഓർമ്മിക്കുന്നുവോ അത്രയും വികർമ്മം വിനാശമാകും. ബുദ്ധി മുറിഞ്ഞ് പോകും. ഈ വികർമ്മങ്ങളും ബന്ധനമാണ്. വികാരത്തെ തന്നെയാണ് ഒന്നാം നമ്പർ വികർമ്മമെന്ന് പറയുന്നത്.
ഇപ്പോൾ നിങ്ങൾ വികർമ്മാജീത്തായി മാറിയിരിക്കുകയാണ്. ഓർമ്മയിലൂടെ മാത്രമേ വികർമ്മാജീത്തായി മാറുകയുള്ളൂ. എല്ലാ കണക്കും അവസാനിക്കും, പിന്നീട് സുഖത്തിന്റെ കണക്ക് ആരംഭിക്കും. വ്യാപാരികൾക്ക് വളരെ സഹജമാണ്. പഴയ കണക്ക് അവസാനിപ്പിച്ചതിന് ശേഷം പുതിയ കണക്ക് ആരംഭിക്കണമെന്ന് മനസ്സിലാക്കുന്നു. ഓർമ്മിച്ചു കൊണ്ടിരിക്കുകയാണെങ്കിൽ ശേഖരണമുണ്ടാകും.

ഓർമ്മിക്കുന്നില്ലെങ്കിൽ പിന്നെ എങ്ങനെ ശേഖരിക്കപ്പെടും? ഇതും വ്യാപാരമാണല്ലോ. ബാബയാണെങ്കിൽ ഒരു ബുദ്ധിമുട്ടും തരുന്നില്ല. ബുദ്ധിമുട്ടൊന്നും അനുഭവിക്കേണ്ടതില്ല. അതാണെങ്കിൽ ജന്മ-ജന്മാന്തരം അനുഭവിച്ച് തന്നെയാണ് വന്നത്. ഇപ്പോൾ സത്യമായ ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. ഈശ്വരൻ തന്നെയാണ് സത്യം പറഞ്ഞു തരുന്നത്. ബാക്കിയെല്ലാം അസത്യമാണ്. വ്യത്യാസം നോക്കൂ - ബാബയെന്താണ് മനസ്സിലാക്കി തരുന്നത് മറ്റു മനുഷ്യരെന്താണ് മനസ്സിലാക്കി തരുന്നത്. ഇതാണ് ഡ്രാമ. വീണ്ടും അങ്ങനെ തന്നെ സംഭവിക്കും. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ സദ്ഗതി നേടുന്നു - ശ്രീമതത്തിൽ നടക്കുന്നതിലൂടെ. ഇല്ലായെങ്കിൽ ഇത്രയും ഉയർന്ന പദവി ലഭിക്കുകയില്ല. സ്വർഗ്ഗത്തിൽ പോകാൻ നിങ്ങൾ നിമിത്തമായി മാറിയിരിക്കുന്നു അവിടെ ഒരു വികർമ്മവും ഉണ്ടായിരിക്കുകയില്ല. ഇവിടെയാണ് വികർമ്മമുണ്ടാകുന്നത് അതിനാൽ ശിക്ഷയും അനുഭവിക്കേണ്ടി വരുന്നു. ആരാണോ ശ്രീമതത്തിൽ നടക്കാത്തത് അവരെ എന്ത് പറയും? നാസ്തികർ. കേവലം അറിയാം ബാബ ആസ്തികരാക്കി മാറ്റുന്നു. പക്ഷെ എന്നിട്ടും അഥവാ ബാബയുടെ മതത്തിൽ നടക്കുന്നില്ലെങ്കിൽ നാസ്തികരായില്ലേ. അറിയുന്നുമുണ്ട് ശിവബാബയുടെ ശ്രീമതത്തിലൂടെ തന്നെ നടക്കണമെന്ന്, പക്ഷെ അറിഞ്ഞിട്ടും നടക്കുന്നില്ലെങ്കിൽ അവരെ എന്ത് പറയും! ശ്രീമതം ശ്രേഷ്ഠമാകുന്നതിന്റെയാണ്. ഏറ്റവും ഉയർന്നതിലും ഉയർന്ന സത്ഗുരുവാണ് ബാബ. ബാബയിരുന്ന് കുട്ടികൾക്ക് സന്മുഖത്ത് മനസ്സിലാക്കി തരുന്നു. കല്പ-കല്പം മനസ്സിലാക്കി തന്നിട്ടുണ്ട്. ബാക്കി ശാസ്ത്രങ്ങളെല്ലാം ഭക്തി മാർഗ്ഗത്തിന്റെയാണ്. അനേക വിധം ശാസ്ത്രങ്ങളുണ്ട്. ശാസ്ത്രങ്ങളിലും ഒരുപാട് ആദരവ് വെക്കുന്നു. എപ്രകാരമാണോ ശാസ്ത്രങ്ങളെ പ്രദക്ഷിണം ചെയ്യുന്നത്, ചിത്രങ്ങളെയും പ്രദക്ഷിണം ചെയ്യിക്കുന്നു. ഇപ്പോൾ ബാബ പറയുന്നു എല്ലാത്തിനെയും മറക്കൂ. തികച്ചും ബിന്ദു(സീറോ) ആകൂ. ബിന്ദുവിടൂ, വേറെ ഒരു കാര്യവും കേൾക്കരുത്. മോശമായത് കേൾക്കരുത്, മോശമായത് കാണരുത്, മോശമായത് പറയരുത്. ഒരു ബാബയുടെയല്ലാതെ വേറെയാരുടെയും കാര്യം കേൾക്കരുത്. അശരീരിയായി മാറൂ, ബാക്കിയെല്ലാം മറക്കൂ. നിങ്ങൾ ആത്മാക്കൾ ശരീരത്തോടൊപ്പം കേൾക്കുകയാണ്. ബാബ വന്ന് ബ്രഹ്മാവിലൂടെ മനസ്സിലാക്കി തരുകയാണ്. കുട്ടികൾക്ക് സദ്ഗതിയുടെ മാർഗ്ഗം പറഞ്ഞു തരുകയാണ്. ആദ്യവും എത്രയധികം യത്നങ്ങൾ ചെയ്തു, പക്ഷെ മുക്തി ജീവൻമുക്തി ആർക്കും നേടാൻ സാധിച്ചില്ല. കല്പത്തിന്റെ ആയുസ്സ് തന്നെ നീണ്ടതാക്കി മാറ്റിയിരിക്കുന്നു. ആരുടെ ഭാഗ്യത്തിലുണ്ടോ അവർ കേൾക്കും. ഭാഗ്യത്തിലില്ലെങ്കിൽ വരാനെ സാധിക്കില്ല. ഇവിടെയും ഭാഗ്യത്തിന്റെ കാര്യമാണ്. ബാബ എത്ര സഹജമായാണ് മനസ്സിലാക്കി തരുന്നത്, ചിലർ പറയുന്നു ഞങ്ങളുടെ വായ തുറക്കുന്നില്ല. ഇത്രയും സഹജമായ കാര്യമാണ് ബാബയേയും സമ്പത്തിനെയും ഓർമ്മിക്കൂ. അതിനെ തന്നെയാണ് സംസ്കൃതത്തിൽ മന്മനാ ഭവ എന്ന് പറയുന്നത്. ശിവബാബ എല്ലാ ആത്മാക്കളുടെയും അച്ഛനാണ്. കൃഷ്ണനെ അച്ഛനെന്ന് പറയാൻ സാധിക്കില്ല. ബ്രഹ്മാവും അച്ഛനാണ് മുഴുവൻ പ്രജകളുടെ. ആത്മാക്കളുടെ അച്ഛനാണോ വലുത് അതോ പ്രജകളുടെ അച്ഛനാണോ വലുത്? വലിയ അച്ഛനെ ഓർമ്മിക്കുന്നതിലൂടെ പ്രാലബ്ധം, സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കും. മുന്നോട്ട് പോകവേ നിങ്ങളുടെയടുത്ത് അനേകർ വരും. എവിടെക്ക് പോകും? വന്നുകൊണ്ടിരിക്കും. എവിടെ അനേകമാളുകൾ പോകുന്നുവോ അപ്പോൾ അവരെ കണ്ട് വളരെയധികം പേർ ചേരുന്നു. നിങ്ങളിലും വർദ്ധനവുണ്ടായികൊണ്ടിരിക്കും. എത്ര തന്നെ വിഘ്നം വന്നാലും, ആ പ്രശ്നങ്ങളെല്ലാം മറികടന്ന് തന്റെ രാജധാനി സ്ഥാപിക്കുക തന്നെ ചെയ്യണം. രാമരാജ്യം സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. രാമ രാജ്യമാണ് പുതിയ ലോകം.

നിങ്ങൾക്കറിയാം നമ്മൾ നമ്മുടെ തന്നെ ശരീരം-മനസ്സ്-ധനത്തിലൂടെ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റി കൊണ്ടിരിക്കുകയാണ് ശ്രീമതമനുസരിച്ച്. ആരോടെങ്കിലും ആദ്യം നിങ്ങൾ ഇത് ചോദിക്കൂ പരംപിതാ പരമാത്മാവുമായി നിങ്ങൾക്കെന്താണ് സംബന്ധം? പ്രജാപിതാ ബ്രഹ്മാവുമായി എന്താണ് സംബന്ധം? ഇതാണ് പരിധിയില്ലാത്ത ബാബ. പിന്നീടാണ് സഹോദരങ്ങൾ. ഒന്നിൽ നിന്നു തന്നെയല്ലേ വന്നിട്ടുള്ളത്. പരംപിതാ പരമാത്മാവ് പ്രജാപിതാ ബ്രഹ്മാവിലൂടെ സൃഷ്ടി രചിച്ചു അർത്ഥം പതിതത്തിൽ നിന്ന് പാവനമാക്കി മാറ്റിയിരിക്കുന്നു. ലോകത്തിലുള്ളവർക്ക് ഒന്നും തന്നെയറിയില്ല നമ്മൾ തന്നെയാണ് പൂജ്യർ, നമ്മൾ തന്നെയാണ് പൂജാരി... ഇത് ചോദിക്കണം. കുട്ടികൾക്ക് ഹം സോയുടെ അർത്ഥം മനസ്സിലായി. നമ്മൾ തന്നെയായിരുന്നു ശൂദ്രൻ, ഇപ്പോൾ നമ്മൾ തന്നെയാണ് ദേവതയായി മാറികൊണ്ടിരിക്കുന്നത്. ചക്രത്തെ ഓർമ്മിക്കാൻ സാധിക്കുമല്ലോ! മഹിമ പാടപ്പെടുന്നുമുണ്ട് അച്ഛൻ മകനെ പ്രദർശിപ്പിക്കുന്നു, പിന്നീട് മകൻ അച്ഛനെ പ്രദർശിപ്പിക്കുന്നു . ശരി -

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. സമർത്ഥനായ വ്യാപാരിയായി മാറി പഴയ എല്ലാ കണക്കും അവസാനിപ്പിച്ച് സുഖത്തിന്റെ കണക്ക് ആരംഭിക്കണം. ഓർമ്മയിലിരുന്ന് വികർമ്മങ്ങളുടെ ബന്ധനം മുറിക്കണം. ധൈര്യമായിരിക്കണം, അക്ഷമരാകരുത്.

2. വീട്ടിലിരുന്ന് ഭോജനമുണ്ടാക്കി, എല്ലാ കർമ്മവും ചെയ്തും ബാബയുടെ ഓർമ്മയിലിരിക്കണം. ബാബ അവിനാശിയായ ഏത് ജ്ഞാന രത്നമാണോ നൽകുന്നത്, അതുകൊണ്ട് തന്റെ സഞ്ചി നിറച്ച് മറ്റുള്ളവർക്ക് ദാനം ചെയ്യണം.

## വരദാനം:- സാക്ഷിയായി മായയുടെ കളിയെ മനസ്സിനെ രസിപ്പിക്കുന്നതെന്ന് മനസ്സിലാക്കി കാണുന്നവരായ മാസ്റ്റർ രചയിതാവായി ഭവിക്കട്ടെ.

മായ എത്രതന്നെ നിറം കാണിച്ചാലും ഞാൻ മായാപതിയാണ്, മായ രചനയാണ്, ഞാൻ മാസ്റ്റർ രചയിതാവാണ്- ഈ സ്മൃതിയിലൂടെ മായയെ നോക്കൂ, കളിയിൽ തോൽക്കരുത്. സാക്ഷിയായിരുന്ന് മനസ്സിനെ രമിപ്പിക്കുന്നതെന്ന് മനസ്സിലാക്കി കണ്ടുകൊണ്ടേ പോകൂ എങ്കിൽ ഒന്നാം നമ്പറിൽ വരും. അവരെ സംബന്ധിച്ച് മായയുടെ ഏതെങ്കിലും സമസ്യ, സമസ്യയായി തോന്നുകയില്ല. ഒരു ചോദ്യവും ഉന്നയിക്കില്ല. സദാ സാക്ഷിയും സദാ ബാബയുടെ കൂട്ടിന്റെ സ്മൃതിയിലൂടെ വിജയിയായി മാറും.

## സ്ലോഗൻ:- മനസ്സിൽ ശീതളതയും ബുദ്ധിയിൽ ദയയും മുഖത്ത് മധുരതയും ഉള്ളതാക്കൂ.